**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1208** **31-01-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ കെ.എഫ്.ഡി.സി തീയറ്റർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ആമ്പല്ലൂർ എന്ന സ്ഥലത്ത് കെ.എഫ്.ഡി.സി നിർമ്മിക്കുന്ന തീയറ്റർ സമുച്ചയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ആമ്പല്ലൂരിൽ കെ.എസ്.എഫ്.ഡി.സി നിർമ്മിക്കുന്ന തീയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. ഒരു വർഷത്തിനകം നിർമാണപ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത തീയറ്റർ സമുച്ചയത്തിൽ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത തീയേറ്റർ കോംപ്ലക്സിൽ 163, 165 വീതം സീറ്റുകളുള്ള 2 തീയേറ്ററുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. തീയേറ്ററുകളിൽ ഡോൾബി അറ്റ്മോസ് സൗണ്ട് സിസ്റ്റം, ബാർക്കോ ലേസർ പ്രൊജക്ടർ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടൊപ്പം ഓപ്പൺ എക്സിബിഷൻ ഏരിയ, ഫീഡിംഗ് റൂം, ക്രൈ റൂം, കഫറ്റേരിയ, ഗസ്റ്റ് റൂം, കൺസഷൻ ഏരിയ, മെർച്ചെൻഡീസ് ഏരിയ തുടങ്ങിയ സൗകര്യങ്ങളാണ് തീയേറ്റർ സമുച്ചയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ